LIBRARY ARCHIVES Kerala Legislative Assembly

കാലവർഷത്തിലെ കുറവ്

167(3047) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 വർഷത്തിൽ സംസ്ഥാനത്ത് കാലവർഷത്തിൽ കുറവ് അനുഭവപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ശതമാനത്തിന്റെ കുറവാണ് വന്നിട്ടുള്ളത്; ഇതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) നടപ്പു വർഷം വേനലിന്റെ പ്രത്യാഘാതം കൂടുതലായിരിക്കുമെന്ന സൂചനകളുണ്ടോ;

(ഡി) ഇതു നേരിടുന്നതിന് ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 26% കുറവ് വന്നിട്ടുണ്ട്. എന്നാൽ കാലവർഷം 26% കുറഞ്ഞെങ്കിലും തുലാവർഷത്തിൽ ലഭിക്കേണ്ട മഴ 20% കൂടുതൽ മഴ ലഭിച്ചതിനാൽ കാലവർഷത്തെ മഴയുടെ കുറവിന്റെ പ്രത്യാഘാതങ്ങൾ തീവ്രമായി ഉണ്ടാവുകയില്ല എന്ന് വിലയിരുത്തിയിട്ടുണ്ട്.

(സി&ഡി) നടപ്പു വർഷം വേനലിന്റെ പ്രത്യാഘാതം കൂടുതലായിരിക്കുമെന്ന സൂചനയില്ല. എന്നാൽ സ.ഉ.(സാധാ)നമ്പർ 5634/2015/ഡി.എം.ഡി. തീയതി 8-10-2015 പ്രകാരം വരൾച്ച നേരിടുന്നതിനുള്ള തയ്യാറെടുപ്പ് പ്രവർത്തനങ്ങൾക്കായി 1 കോടി രൂപാ വീതം ജില്ല കളക്ടർമാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

ബഡ്ജറ്റുകളിൽ റവന്യൂവകുപ്പിൽ പ്രഖ്യാപിച്ച പദ്ധതികൾ

168(3048) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14, 2014-15 വർഷങ്ങളിലെ ബഡ്ജറ്റിൽ റവന്യൂ വകുപ്പ് പ്രഖ്യാപിച്ച പദ്ധതികൾ എന്തെല്ലാമാണ്; എത്ര തുക ഓരോ വർഷവും നീക്കിവച്ചു; ഇതിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാം;

(ബി) നടപ്പാക്കാതെ വന്ന പദ്ധതികൾവഴി എത്ര രൂപ ലാപ്സായി എന്ന് വ്യക്തമാക്കാമോ?